## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3357 — 29/1/2014 ൽ മറുപടിയ്ക്ക്

## നാളീകേര വികസന ബോർഡ്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) നാളീകേര കർഷകരുടെ പുരോഗതി ക്കായി നാളീകേര വികസന ബോർഡുമായി സഹകരിച്ച് എന്തെല്ലാം പദ്ധതികൾ ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ ; | (എ) | നാളീകേര വികസന ബോർഡിന്റെ സഹായത്തോടെ കൃഷി വകുപ്പ് മുഖേന നടപ്പിലാക്കാൻ ഉദ്ദേശിച്ച് 2014-15 ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരത്തിനായി സമർപ്പിച്ച പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. സങ്കരയിനം തെങ്ങിൻതൈകളുടെ ഉല്പാദനം<br>2. പ്രാദേശീയ കോക്കനട്ട് നഴ്സറി<br>3. നാളികേര തോട്ടങ്ങളുടെ ഉല്പാദന ക്ഷമത വർദ്ധനവ് |
| (ബി) കേന്ദ്രസർക്കാർ നൽകുന്ന സഹായം ജനങ്ങ ളിലേയ്ക്ക് എത്തിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ ശക്തിപ്പെടുത്തുമോ; | (ബി) | നിലവിൽ നാളികേര വികസന ബോർഡിന്റെ പദ്ധതി സമയ ബന്ധിതമായി നടപ്പിലാക്കി വരുന്നു. കർഷകർക്ക് അനുവദിക്കുന്ന ആനുകൂല്യങ്ങൾ ഇ-പേയ്മെന്റ് മുഖേന യഥാസമയം നൽകി വരുന്നു. |
| (സി) നാളീകേര ക്ലസ്റ്റർ യൂണിറ്റുകളും കമ്പനികളും രൂപീകരിക്കുന്നതിന് എന്തെല്ലാം മാർഗ്ഗനിർദ്ദേശങ്ങളാണ് നിലവിലുള്ളത് ; | (സി) | നാളികേര വികസന സൊസൈറ്റി (സി ഡി എസ്), നാളികേര ഉല്പാദന കമ്പനി എന്നിവ നാളികേര വികസന ബോർഡാണ് രൂപീകരിക്കുന്നത്. കേര കർഷകരെ ഏകോപിപ്പിച്ചു കൊണ്ട് നാളികേര വികസന ബോർഡ് നാളികേര ഉല്പാദന സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ട്. കുറഞ്ഞത് 10 തെങ്ങുകൾ വരെയുള്ള |

കർഷകർക്ക് ടി സംഘങ്ങളിൽ അംഗങ്ങളാകാവുന്നതാണ്. ടി സംഘങ്ങൾ ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുണ്ട്. 20–25 അംഗീകൃത സംഘങ്ങൾ സംയോജിപ്പിച്ച് കൊണ്ട് ഒരു ഫെഡറേഷനും 10 ഫെഡറേഷനുകൾ സമന്വയിപ്പിച്ച് ഒരു കമ്പനിയും ഉണ്ടാകുന്നു. അങ്ങനെ മൂന്ന് തട്ടായിട്ടാണ് നാളികേര ഉല്പാദക സംഘങ്ങളുടെ പ്രവർത്തനം നടക്കുന്നത്.

(ഡി) ഗുണമേൻമയുള്ള തൈകൾ കർഷകർക്ക് ലഭിക്കുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനമാണുള്ളത് എന്ന് വ്യക്തമാക്കുമോ?

(ഡി) ഗുണമേന്മയുള്ള തൈകൾ കർഷകർക്ക് നൽകുന്നതിനായി 8 തെങ്ങിൻതൈ ഉല്പാദന കേന്ദ്രങ്ങൾ കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നു. അത്യുല്പാദനശേഷിയുള്ള TXD, DXT, WCT തുടങ്ങിയ തെങ്ങിൻ തൈകൾ ഫാമുകളിൽ ഉല്പാദിപ്പിച്ച് മിതമായ നിരക്കിൽ കർഷകർക്ക് വിതരണം ചെയ്യുന്നു. തൃശ്ശൂർ, വടകര, കണ്ണൂർ എന്നീ ജില്ലകളിലെ യൂണിറ്റുകളിൽ നിന്നും മാതൃവൃക്ഷങ്ങൾ തെരെഞ്ഞെടുത്ത് എല്ലാ വർഷവും നവംബർ മുതൽ മേയ് വരെയുള്ള സമയങ്ങളിൽ നല്ല ഗുണമേന്മയുള്ള തേങ്ങ സംഭരിക്കുന്നു. ഇത് ജില്ലകളിലെ തെങ്ങിൻതൈ ഉല്പാദനകേന്ദ്രങ്ങളിലെ നഴ്സറികളിൽ പാകുന്നു. ഈ നഴ്സറികളിൽ നിന്നും ഗുണനിലവാരമുള്ള രോഗകീടബാധ ഇല്ലാത്ത കരുത്തുറ്റ നല്ലയിനം തെങ്ങിൻതൈകൾ (1 വർഷം പ്രായമുള്ള) മിതമായ നിരക്കിൽ വില്പന നടത്തുന്നു.

**സെക്ഷൻ ഓഫീസർ**